പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 7499        14.07.2014 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിലെ ഓൺലൈൻ സേവനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. എം. എ. വാഹീദ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്തുകളിൽ ഓൺലൈൻ സേവനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്തിട്ടുള്ള വിവിധ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളായ സേവന സിവിൽ രജിസ്ട്രേഷൻ, സേവന പെൻഷൻ, സഞ്ചയ, സൂചിക, സങ്കേതം എന്നിവയിലൂടെയാണ് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നത്. |
| ബി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) ജനന-മരണ, വിവാഹ രജിസ്ട്രേഷനുകളും അനുബന്ധ സർട്ടിഫിക്കറ്റുകളും, വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തു നികുതി ഇ-പേയ്മെന്റ്, ഫയൽ തൽസ്ഥിതി വിവരങ്ങൾ, ബിൽഡിംഗ് പെർമിറ്റ് എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങളാണ് ഈ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ വഴി ലഭ്യമാകുന്നത്. |
| സി) എന്തെല്ലാം സാങ്കേതിക വിദ്യകളാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത് ; വിശദമാക്കുമോ; | സി) Windows, Linux എന്നിവയിൽ അധിഷ്ഠിതമായ Web Based Application ആണ് പ്രധാനമായും ഉപയോഗിക്കുന്നത്. ഇവ Unicode-ൽ പ്രവർത്തിക്കുന്നവയാണ്. Digital Signature, e-payment സൗകര്യങ്ങൾ എന്നിവ ഇവയിൽ ലഭ്യമാണ്. |

| | |
|---|---|
| ഡി) ഇതിനെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചരണം സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) പഞ്ചായത്ത് ദിനാഘോഷങ്ങൾ, സർക്കാരിന്റെ വിവിധ എക്സിബിഷനുകൾ, സർക്കാരിന്റെ വിവിധ വെബ് സൈറ്റുകൾ എന്നിവയിലൂടെ ഓൺലൈൻ സേവനങ്ങൾ സംബന്ധിച്ച പ്രചരണം സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ